ഭാഗം 2/5 (തുടർച്ച)

"കവിതഥ"യിലെ ഭാഷണം

"മലയാളം, എന്റെ മാതൃഭാഷ: നിങ്ങളുടെയും!"

[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

[മലയാളി അസ്സോസിയേഷൻ ഓഫ് ഫിലഡൽഫിയയുടെ (മാപ്) "കവിതഥ" എന്ന ഏകദിന സെമിനാറിലെ കീ-നോട്ട് പ്രസംഗത്തിൽ ഇതിലെ പ്രസക്തഭാഗങ്ങൾ അവതരിപ്പിച്ചിരുന്നു.]

ആശയക്കൈമാറ്റം, ആവിഷ്ക്കാരം, പ്രോത്സാഹനം

മാതൃഭാഷ ആശയക്കൈമാറ്റത്തിന്റെയും ആവിഷ്കാരത്തിന്റെയും പ്രാഥമിക പടവുകളാകുന്നു – മാനവസംസ്കാരത്തിന്റെയും പുരോഗതിയുടെയും അടിത്തറ.

ഭാഷയെന്ന ആശയവിനിമയ മാർഗ്ഗം ഉതിർന്നുവീണു വികസിച്ചപ്പോൾ, ആംഗ്യചലനം, വാമൊഴിക്കും വരമൊഴിക്കും വഴിമാറി. അചിരേണ, നിയതമായ വ്യാകരണബന്ധത്തിലൂടെ നാം ആശയ വ്യക്തത ഉറപ്പാക്കി.

ഭാഷാപ്രയോഗത്തിലെ വൈകല്യം പലപ്പോഴും അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാക്കുന്നു. ആശയവിനിമയത്തിലുള്ള തകരാറുമൂലം ശൂന്യാകാശപേടകങ്ങൾ പോലും പൊട്ടിത്തെറിക്കുന്നു. വ്യക്തികൾക്കിടയിലുള്ള വിടവും ഈ പ്രതിഭാസത്തിന്റെ പ്രതിഫലനം തന്നെ.

മലയാളം നമ്മുടെ മാതൃഭാഷ: പ്രോത്സാഹനവും പിന്താങ്ങലും

പത്തുവർഷമെങ്കിലും മലയാളം പഠിച്ചവരാണല്ലോ ഭൂരിപക്ഷവും. പലരുടെയും കോളേജിലെ രണ്ടാംഭാഷ മലയാളമായിരിക്കാം. ഭാഷാസ്നേഹത്തിന്റെ പേരിൽ മലയാളം ഉപഭാഷയായി തിരഞ്ഞെടുത്തോർ, ലുബ്ധിച്ചു മാർക്കു തരുന്ന ലബ്ധപ്രതിഷ്ഠരായ അക്കാലത്തെ വിദ്യാഭ്യാസ വിചക്ഷണരുടെ പിടിവാശിമൂലം സംഭവിച്ച, ഗ്രേഡിൽ വരുന്ന കുറവിന്റെ ഉണങ്ങാത്ത മുറിവൂതി ആയുഷ്ക്കാലം വിലപിച്ചുവെന്നത് മറ്റൊരു കാര്യം. ഭാഷയെ പ്രോത്സാഹിപ്പിക്കുന്നതിനു പകരം പഠിക്കാൻ വരുന്നവരെയും താല്പര്യം എടുക്കുന്നവരെയും നിരുത്സാഹപ്പെടുത്തുന്ന തരത്തിലുള്ള

സമീപനമാണ് അക്കാലത്ത് ഉണ്ടായിരുന്നതെന്ന് സൂചിപ്പിക്കാൻ വേണ്ടി പറഞ്ഞെന്നു മാത്രം. ഇന്ന് അത്തരം പ്രതിസന്ധികൾക്കു മാറ്റം വന്നിട്ടുണ്ട്.

ആഗോളവൽക്കരണത്തിൽ പിന്തള്ളപ്പെടുന്ന മാതൃഭാഷ

അനുഭവങ്ങളിലൂടെ എന്റെ ചരിത്രപരമായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാം.

മാതൃഭാഷയിലൂടെ അദ്ധ്യയനം

1968-ൽ ഇംഗ്ലീഷ് കോമ്പോസിഷൻ ക്ലാസ്സിൽ "മാതൃഭാഷയിലൂടെ അദ്ധ്യയനം എന്ന ആശയത്തോട് നിങ്ങൾ യോജിക്കുന്നുവോ" എന്നത് ഇംഗ്ലീഷിലുള്ള പ്രകടപ്രസംഗത്തിന്റെ വിഷയമായിരുന്നു. വാസ്തവത്തിൽ, മാതൃഭാഷയിൽ പഠിച്ചാൽ കാര്യങ്ങൾ പത്തു തവണ വേഗതയിൽ ഗ്രഹിക്കാൻ കഴിയും. അതുകൊണ്ട് കോളേജു വരെ മാതൃഭാഷയിലുള്ള വിദ്യാഭ്യാസം നല്ലതാകാമെന്നും വാദമുണ്ടായി.

ചിന്തിക്കുന്ന വാക്ക്

അതിനു കാരണം നാം വാക്കുകൾക്കൊണ്ടാണ് ചിന്തിക്കുന്നത് എന്നതാണ്. വാക്കുകളില്ലെങ്കിൽ നമ്മുടെ ചിന്ത ഇഴഞ്ഞേ നീങ്ങൂ. "പശു മേയുന്നു" എന്ന ആശയം വാക്കുകളില്ലാതെ ഒന്നു ചിന്തിച്ചു നോക്കൂ. ചിന്ത മുടന്തും. വാക്ക് ചിന്തയെ വേഗത്തിലാക്കും. ദൃശ്യഭാവന ചലിക്കുന്ന ഗതി, ദൃശ്യത്തിനു പകരം നിൽക്കുന്ന വാക്കിന്റെ തിരത്തള്ളലിനു മുമ്പിൽ മന്ദഗമിനിയായിരിക്കും – ചിന്തിക്കാനും ആശയ വിനിമയം ചെയ്യാനും തുടങ്ങുന്ന ആദ്യഘട്ടങ്ങളിലെങ്കിലും!

മാതൃഭാഷയിൽ ആദ്യകാലങ്ങളിൽ നാം പഠിച്ച ക്രിയാപദങ്ങളും നാമങ്ങളും എത്രയോ സ്വാഭാവികതയോടെയാണ് തലയിൽ ശേഖരിച്ച് പദസഞ്ചയം അഥവാ വാക്കുകളുടെ ലൈബ്രറി സൃഷ്ടിക്കുന്നത്. ആവശ്യത്തിന് അതിൽനിന്നും ചൂണ്ടുകയേ വേണ്ടൂ. ഉദാഹരണമായി, ഒരു കൈപ്പത്തിയുടെ ഭാഗങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും സങ്കൽപ്പിച്ചു നോക്കൂ – ഒരു പത്താം ക്ലാസ്സുകാരന്റെ പരിധിയിൽനിന്ന്: പത്തി, ഉള്ളംകൈ, ചെറുവിരൽ, മോതിരവിരൽ, പെരുവിരൽ, ചൂണ്ടുവിരൽ, തള്ളവിരൽ തുടങ്ങിയവ. തത്തുല്യ ഇംഗ്ലീഷുപദങ്ങൾ എത്ര കാലം കഴിഞ്ഞാണ് നാം മനസ്സിലാക്കിയത്.

ഇംഗ്ലീഷു വിദ്യാഭ്യാസത്തിന്റെ പ്രസക്തി

ഈ സമീപനം ഉന്നത നിലവാരമുള്ള ശാസ്ത്രപഠനങ്ങൾക്കു നല്ലതല്ലെന്ന് എന്റെ പിൽക്കാല അനുഭവം വ്യക്തമാക്കി. ഇത്തരുണത്തിൽ പൊന്തിവരാറുള്ള ഒരു വാദമുഖം ഇതാണ്: വളരെ കുറച്ചു പേർ മാത്രമല്ലേ ശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ വ്യാപൃതരാകുന്നുള്ളൂ. അവരുടെ ജീവിതം സുഗമമാക്കാൻ എല്ലാവരും ഇംഗ്ലീഷു പഠിക്കണോ? പത്തമ്പത് കൊല്ലം മുമ്പ് ഇത്തരം വാദഗതിക്ക് അൽപ്പം സാംഗത്യം ഉണ്ടായിരുന്നു. എന്നാൽ, ഇന്നത്തെ അവസ്ഥയിൽ ഇംഗ്ലീഷു വിദ്യാഭ്യാസം ആർജ്ജിക്കേണ്ട ആവശ്യം മനസ്സിലാക്കാൻ സാമാന്യബുദ്ധിക്കുപരി നീന്തിക്കുളിക്കേണ്ടതില്ല. കമ്പ്യൂട്ടർ മേഖലയിൽ പറയാനുമില്ല. ഈ യുഗത്തിൽ ഇംഗ്ലീഷിന്റെ മേൽക്കോയ്മ പ്രത്യേകം പറഞ്ഞറിയിക്കണോ? കൂടാതെ, അമേരിക്ക പോലുള്ള ആധുനിക രാജ്യങ്ങളുടെ സമ്പത്തിന്റെ അടിസ്ഥാനം 50-55% വരെ ശാസ്ത്ര-സാങ്കേതിക മേഖലകളെ ആശ്രയിച്ചിരിക്കുന്നു.

സാങ്കേതിക വിഷയങ്ങളിൽ തത്തുല്യമായ മലയാള പദങ്ങൾ സൃഷ്ടിക്കുക പ്രയാസമാണ്. അതുകൊണ്ടാണ് പല കാര്യങ്ങളും എളുപ്പം പ്രകടിപ്പിക്കാൻ നാം ഇംഗ്ലീഷു പദങ്ങൾ ധാരാളമായി ഉപയോഗിക്കുന്നത്. അർത്ഥ സംവേദനത്തിനു മിക്കവാറും ഇംഗ്ലീഷിലേക്ക് മനോഭാഷാന്തരീയം നടത്തിയാണ് ഇത്തരം പല മലയാള പദങ്ങളും ഗ്രാഹ്യമാകുന്നത്.

ഈയിടെ മാതൃഭൂമി ആഴ്ച്ചപ്പതിപ്പിലെ ടി. ഡി. രാമകൃഷ്ണന്റെ ഒരു കഥയിൽ (കെണി) നാൽപ്പതോ അമ്പതോ ഇംഗ്ലീഷു പദങ്ങൾ കണ്ടു. വിഷയം എന്തെന്ന് അറിഞ്ഞാൽ ആരും അതിനെ പുച്ഛിക്കില്ല: ബംഗ്ലൂരിലെ ഐ. ടി. കമ്പനിയിലെ ഒരു പെണ്ണിനെ സിലിക്കൺ വേലിയിലേക്ക് റെക്കമെന്റ് ചെയ്യുന്ന മേലുദ്യോഗസ്ഥൻ, അവളെ ലൈംഗികമായി ചൂഷണം ചെയ്യുന്ന കഥാബീജം.

(തുടരും)

****